# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

മാർത്തോമ്മാ സൺഡേസ്കൂൾ സമാജം പ്രസിഡന്റ് ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പായിൽ നിന്നും.

സർക്കുലർ നമ്പർ **139**

കർത്താവിൽ വത്സലരേ, നിങ്ങൾക്ക് വന്ദനം.

114 വർഷം ഈ സഭയിൽ ക്രിസ്തീയ വിദ്യാഭ്യാസം നിർവ്വഹിക്കുന്നതിന് ദൈവം മാർത്തോമ്മാ സൺഡേസ്കൂൾ സമാജത്തെ അനുഗ്രഹിച്ചു. യേശുവിനെ കർത്താവും ദൈവവും രക്ഷകനുമായി സ്വീകരിക്കുന്നതിന് സഭയിലെ ഓരോ കുട്ടിയേയും ഒരുക്കുന്ന വലിയ ശുശ്രൂഷയാണ് സമാജം നിർവഹിക്കുന്നത്. തിരുവചനത്തോടും തിരുസഭയോടും എല്ലാ ദൈവസൃഷ്ടിയോടും ചേർന്നുള്ള പഠനത്തിനും ആരാധനയ്ക്കും അവരെ സജ്ജമാക്കുന്ന പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന വൈദികരേയും സൺഡേസ്കൂൾ അദ്ധ്യാപകരെയും കുട്ടികളേയും പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കുന്നതിന് നവംബർ 3-ാം തീയതി ഞായറാഴ്ച വേർതിരിച്ചിരിക്കുന്നു. അന്നേ ദിവസത്തെ സ്തോത്രകാഴ്ചയിൽ പങ്കെടുത്ത് സമാജം പ്രവർത്തനങ്ങളെ സഹായിക്കുക. സൺഡേസ്കൂളിനോട് ചേർന്ന് ബാലസമാജം എല്ലാ ഇടവകകളിലും ആരംഭിക്കണം. പള്ളി ആരാധനയിൽ കുട്ടികൾ എല്ലാവരും പങ്കെടുക്കണം. ദൈവകൃപയിലും മനുഷനന്മയിലും നമ്മുടെ മക്കൾ മുതിർന്നുവരുന്നതിന് ദൈവം തുണയ്ക്കട്ടെ.

ദൈവകൃപ നിങ്ങളിൽ വർദ്ധിച്ചുവരുമാറാകട്ടെ.

ക്രിസ്താബ്ദം 2019 സെപ്തംബർ മാസം 30-ാം തീയതി തിരുവനന്തപുരം മാർത്തോമ്മാ അരമനയിൽ നിന്നും

**ജോസഫ് മാർ ബർന്നബാസ് എപ്പിസ്ക്കോപ്പാ**

സണ്ടെസ്കൂൾ സമാജം പ്രസിഡന്റ്